കയർസഹകരണ സംഘങ്ങൾക്കു പച്ചത്തൊണ്ടു നൽകുന്നതിനു് നിർദ്ദേശം

*755 [822] ശ്രീ. കെ. ടി. കുമാരൻ:
,, വി. കെ. രാജൻ:
,, എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂ സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസു് സഹകരണ സംഘങ്ങളിൽകൂടി ശേഖരിക്കുന്ന നാളികേരത്തിന്റെ പച്ചത്തൊണ്ടു്, കയർ സഹകരണസംഘങ്ങൾക്കു നൽകുന്നതിന്നു വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു്;

(സി) അതുപ്രകാരം പച്ചമടൽ നൽകിയില്ലെന്നു പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

റവന്യൂവും സഹകരണവുംവകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ):

(എ) ഇല്ല.

(ബി, സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. ടി. കുമാരൻ: സർവ്വീസു് സഹകരണസംഘങ്ങളിൽകൂടി ശേഖരിക്കുന്ന പച്ചത്തൊണ്ടിന്റെ വില കേരളം ഒട്ടുക്കു് ഒരേ വിലയാണോ നിർദ്ദേശിച്ചിട്ടുള്ളതു്?

ശ്രീ. ബേബി ജോൺ: വ്യത്യസ്തമായ സ്ഥലങ്ങളിൽ വ്യത്യസ്തമായ വിലയാണു്.

ശ്രീ. കെ. ടി. കുമാരൻ: പച്ചത്തൊണ്ടിനു് വില കുറവായതുകൊണ്ടാണു് സഹകരണസംഘങ്ങളിൽ പച്ചത്തൊണ്ടു് ഇല്ലാത്തതു് എന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ബേബി ജോൺ: പച്ചത്തൊണ്ടിനു് വിലക്കുറവു് ആണെന്നു് സഹകരണസംഘങ്ങൾക്കു് മാത്രമല്ല, സാർവ്വത്രികമായി പരാതി ഉണ്ടു്, നിയന്ത്രണം വരുമ്പോൾ അതിനെ പരാജയപ്പെടുത്തുന്നതിനു് രാജ്യത്തെ സ്ഥാപിതതാത്പര്യക്കാർ ശ്രമിക്കുന്നുണ്ടെന്ന പരാതിയും ഉണ്ടാകുന്നുണ്ടു്.

ശ്രീ. വി. കെ. രാജൻ: പഞ്ചായത്തുകൾതോറും സർവ്വീസു് സഹകരണസംഘങ്ങൾ കെട്ടുതേങ്ങപദ്ധതി പ്രകാരം എത്ര നാളികേരം സംഭരിക്കുന്നു, അതിന്റെ പച്ചമടൽ കയർവ്യവസായ സഹകരണസംഘങ്ങൾക്കു് നൽകുന്നതിനു് ഗവൺമെന്റിനു് എന്തെങ്കിലും തടസ്സമുണ്ടോ, ഉണ്ടെങ്കിൽ എന്താണു്?

ശ്രീ. ബേബി ജോൺ: ഗവൺമെന്റിനു് തടസ്സമൊന്നുമില്ല. സഹകരണസംഘങ്ങൾ സഹകരിച്ചു് ഈ സംരംഭത്തെ വിജയിപ്പിക്കണമെന്നാണു് ഗവൺമെന്റിന്റെ അഭിപ്രായം. അതിന്റെ അടിസ്ഥാനത്തിൽ കൊല്ലം, തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ സർവ്വീസു് സഹകരണസംഘങ്ങൾ, ഡിസ്ട്രിക്റ്റ് ബാങ്കുകൾ, കയർസഹകരണസംഘങ്ങൾ എന്നിവയിലെ അവരുടെ പ്രതിനിധികളെ കളക്ടർ വിളിച്ചുവരുത്തുകയും സമ്മേളനം കൂടുകയും ചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ: സർവ്വീസ് സഹകരണസംഘങ്ങൾ ഗവൺമെൻറിന്റെ നിയന്ത്രണത്തിലായതുകൊണ്ട് സർവ്വീസ് സഹകരണസംഘങ്ങൾ സംഭരിക്കുന്ന പച്ചടക്കൽ കയർവ്യവസായ സഹകരണസംഘങ്ങൾക്ക് നൽകുന്നതിന് നിയമനിർമ്മാണം നടത്തുവാൻ ദയവുണ്ടാകുമോ?

ശ്രീ. ബേബിജോൺ: പ്രത്യേക നിയമനിർമ്മാണത്തിന്റെ ആവശ്യം ഇപ്പോഴില്ല. ഇപ്പോഴത്തെ നിയമം അനുസരിച്ച് അത് ചെയ്യാൻ ബാധ്യസ്ഥരാണ്. അങ്ങനെ ചെയ്തില്ലെങ്കിൽ നടപടി എടുക്കുവാൻ വേണ്ടവകുപ്പുണ്ട്.

ശ്രീ. എം. കെ. കേശവൻ: കേരളത്തിൽ നാനൂറുകോടി പച്ചത്തൊണ്ട് കിട്ടുമെന്നാണ് കണക്കുകൂട്ടിക്കൊണ്ട് കാണുന്നത്. എന്നാൽ കയർസഹകരണസംഘങ്ങൾക്ക് ശരാശരി 100 കോടി തൊണ്ടുപോലും കിട്ടുന്നില്ല. കെട്ടുതൊണ്ട് പദ്ധതിപ്രകാരമുള്ള നാളികേരം ലേലം ചെയ്യുമ്പോൾ കയർ സഹകരണസംഘങ്ങൾക്ക് നൽകണം എന്ന് പ്രത്യേക നിർദ്ദേശം കൊടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. ബേബിജോൺ: പ്രത്യേക നിർദ്ദേശം കൊടുക്കുവാൻ ബുദ്ധിമുട്ടുണ്ട്. സഹകരണം അഭ്യർത്ഥിച്ചിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഇതിനേക്കാൾ കൂടുതൽ വില ലഭിക്കുന്നതുകൊണ്ട് ഈ വിലയ്ക്ക് കൊടുക്കുവാൻ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ഗവൺമെൻറ് സബ്സിഡൈസ്ഡ് ചെയ്യണമെന്നാണ് പറയുന്നത്. ഇപ്രകാരം സബ്സിഡൈസ് ചെയ്യാൻ ബുദ്ധിമുട്ടുണ്ട്.

ശ്രീ. എം. കെ. കൃഷ്ണൻ: കോട്ടയം ജില്ലയിൽ ജില്ലാ കളക്ടർ വിളിച്ചുകൂട്ടിയ യോഗത്തിൽ സഹകരണസംഘം ഭാരവാഹികൾ ആ തീരുമാനം ഏകദേശം അംഗീകരിക്കുകയും പ്രാഥമികസഹകരണസംഘങ്ങൾക്ക് തൊണ്ട് കൊടുക്കുവാൻ തയ്യാറാകുകയും ചെയ്ത അനുഭവമുള്ളതുകൊണ്ട് ഇത് എല്ലാ ജില്ലകൾക്കും ബാധകമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബിജോൺ: കളക്ടർമാരുടെ സജീവനേതൃത്വത്തിലാണ് പ്രവർത്തനം വിജയിപ്പിക്കുവാൻ ശ്രമിക്കുന്നത്. അതുപോലെതന്നെ മറ്റു പല ഡിസ്ട്രിക്റ്റുകളിലും ചില സഹകരണസംഘങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്.

ശ്രീ. സി. എ. കുര്യൻ: തൊണ്ടു നിയന്ത്രണം എടുത്തുകളയണമെന്ന് കേന്ദ്രഗവൺമെൻറ് നിർദ്ദേശിച്ചിട്ടുണ്ടോ, ശിവരാമൻ കമ്മിറ്റി റിപ്പോർട്ടിൽ അതിനെക്കുറിച്ച് ആവശ്യപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിനെക്കുറിച്ച് സംസ്ഥാനഗവൺമെൻറിന്റെ അഭിപ്രായം എന്താണ്?

ശ്രീ. ബേബിജോൺ: അങ്ങനെ കേന്ദ്രം ആവശ്യപ്പെട്ടിട്ടില്ല.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: തൊഴിലാളികൾക്ക് മിനിമംകൂലിയും മറ്റാനുകൂല്യങ്ങളും കൊടുക്കുന്നത് കയർ സഹകരണസംഘങ്ങളാണെന്നുള്ള വസ്തുത പരിഗണിച്ചും സർവ്വീസ് സഹകരണസംഘങ്ങളിൽനിന്നും കിട്ടുന്ന തൊണ്ടുകൊണ്ടുമാത്രം കയർ സംഘങ്ങളുടെ ആവശ്യം നിറവേറ്റുവാൻ കഴിയുകയില്ലായെന്നുള്ളതും പരിഗണിച്ചും സ്വകാര്യമുതലാളിമാർ മൂടുന്ന 50 ശതമാനത്തോളം തൊണ്ടിന് ലൈസൻസ് കൊടുക്കാതിരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ): അതെല്ലാം പ്രത്യേകം അഭിപ്രായങ്ങളാണ്. അതിനെക്കുറിച്ച് ആലോചിക്കണം.

ശ്രീ. എ. വി. താമരാക്ഷൻ: സഹകരണമേഖലയിൽ പണിയെടുക്കുന്ന കേന്ദ്ര ട്രേഡ്യൂണിയൻ സംഘടനകളും ഉന്നയിച്ചിരിക്കുന്ന മുഖ്യമായ ആവശ്യം പച്ചത്തൊണ്ടിന്റെ സംഭരണവും വിതരണവും ഒരു പൊതുഏജൻസി മുഖേന ആയിരിക്കണമെന്നുള്ളതാണ്. ആ നിലയ്ക്ക് സർവ്വീസ് സഹകരണസംഘങ്ങൾ മുഖേന പച്ചത്തൊണ്ടിന്റെ സംഭരണവും വിതരണവും നടത്തുവാൻ ഏർപ്പാട് ചെയ്യുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഈ പ്രശ്നങ്ങളെ സംബന്ധിച്ചെല്ലാം കേന്ദ്രഗവൺമെന്റിന്റെ സഹായം വളരെ അത്യാവശ്യമാണ്. കയറിന്റെ പ്രശ്നത്തെക്കുറിച്ചുമാത്രം ചർച്ചചെയ്യാനായി 12-ാം തീയതി ഒരു സമ്മേളനം കേന്ദ്രഗവൺമെന്റ് വിളിച്ചിരിക്കുകയാണ്. ആ സമ്മേളനത്തിൽ മുഖ്യമന്ത്രിയും ഞാനും സംബന്ധിക്കുന്നുണ്ട്. ആ ചർച്ചകൾക്കു ശേഷം ഇതേപ്പറ്റി പൊതുവായ തീരുമാനമുണ്ടാകും. അതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കാമെന്നാണ് വിചാരിക്കുന്നത്.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: പച്ചതൊണ്ട് പിടിച്ചെടുത്ത് ഒരു ഭാഗത്ത് പ്രോജക്ട് ആഫീസർമാർ സൊസൈറ്റികൾക്ക് വിതരണം നടത്തി, മുതലാളിമാർ പോലീസിൽ കേസ് കൊടുത്ത് ധാരാളം സൊസൈറ്റി പ്രവർത്തകൻമാർ ഒളിവിലാണ്. ഇത്തരത്തിലുള്ള കേസ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടിയെടുക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ചില കേസ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. നിയമപരമായി ഇന്നുള്ള ബുദ്ധിമുട്ടാണ് ഇതിനുകാരണം. അതിന് മാറ്റം വരുത്തണമെങ്കിൽ കേന്ദ്രനിയമം എന്നുള്ള നിലയ്ക്ക് കേന്ദ്രത്തിന്റെ സഹായം ആവശ്യമാണ്.

ശ്രീ. എ. എ. റഹിം: സഹകരണസംഘങ്ങൾ സംഭരിക്കുന്ന പച്ചതൊണ്ട് സഹകരണസംഘങ്ങൾക്ക് വിട്ടുകൊടുക്കാതെ അവർക്ക് ഇഷ്ടമുള്ള വിലയ്ക്ക് വിൽക്കുമെന്നും മറ്റുള്ളവർക്ക് നിയന്ത്രണവിലയ്ക്ക് വിൽക്കണമെന്നുള്ള ഏർപ്പാട് നിലവിലിരിക്കുന്നത് മാറ്റി സഹകരണസംഘങ്ങൾ എടുക്കുന്ന തൊണ്ട് നിയന്ത്രിതവിലയ്ക്ക് കയർ സഹകരണസംഘങ്ങൾക്ക് കൊടുക്കാനുള്ള ഏർപ്പാടുണ്ടാക്കുമോ?

ശ്രീ. ബേബിജോൺ: സഹകരണസംഘങ്ങൾക്ക് ഇഷ്ടമുള്ള വിലയ്ക്ക് വിൽക്കാൻ നിയമമൊന്നുമില്ല. നിയമം എല്ലാവർക്കും ഒന്നുപോലെയാണ്. നിയമത്തിനെതിരായി ആര് പ്രവർത്തിച്ചാലും നിയമപരമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. പി. ബി. ആർ. പിള്ള: തൊണ്ടു സംഭരണവും വിതരണവും ഫലപ്രദമായി നടപ്പാകണമെങ്കിൽ കേന്ദ്രഗവൺമെന്റിന്റെ സഹായം ആവശ്യമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. ഏതെല്ലാം രൂപത്തിലുള്ള സഹായമാണ് കേന്ദ്രഗവൺമെന്റ് നൽകേണ്ടതെന്നും അതുസംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ടുകൾ കേന്ദ്രഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ടായെന്നും ഉണ്ടെങ്കിൽ അത് എന്താണൊന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ: അതുസംബന്ധിച്ച വിശദാംശങ്ങൾ ചോദ്യോത്തരവേളയിൽ പറയാൻ ബുദ്ധിമുട്ടാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: തൊണ്ടിന്റെ നിയന്ത്രണം വന്ന സമയത്ത് ആ നിയന്ത്രണത്തെ മറികടക്കാൻവേണ്ടി നാളികേരം കയററിക്കൊണ്ടുപോയി അവിടെവച്ച് പൊതിച്ച് തൊണ്ട് അവിടെ വിൽക്കുകയും നാളികേരം ഇങ്ങോട്ടുകൊണ്ടു വരുകയും ചെയ്ത എർപ്പാടിനെപ്പററി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? വൈക്കത്തെ കാര്യം മന്ത്രിക്ക് നല്ലതുപോലെ അറിയാവുന്നതാണ്. ഇത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബിജോൺ: ഇത് തടയാൻ ഇപ്പോഴം നിയമമില്ലെന്നാണ് മനസ്സിലാക്കിയിരിക്കുന്നത്.

ശ്രീ. എ. എ. റഹീം: സഹകരണസംഘങ്ങൾക്ക് ലഭിക്കുന്ന തൊണ്ട് ഗ്രാമപ്രദേശങ്ങളിൽ കിട്ടുന്ന വിലയേക്കാൾ കുറച്ച് വിൽക്കാൻ പ്രയാസമാണെന്നു പറഞ്ഞു. സഹകരണസംഘങ്ങൾക്ക് കിട്ടുന്ന തൊണ്ടുകൊണ്ട് കയർ സഹകരണസംഘങ്ങൾക്ക് ന്യായമായവിലയ്ക്ക് വിൽക്കാനുള്ള നിർദ്ദേശം കൊടുത്തുകൂടേ? അത് അംഗീകരിച്ചില്ലെങ്കിൽ നടപടിസ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. ബേബിജോൺ: ഏതുനിയമവും നടപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമ്പോൾ പൊതുവായ സഹകരണം ആവശ്യപ്പെടുന്നുണ്ട്. ഈ നിയമം നടപ്പാക്കുന്നതിന് നിയമപരമായ നടപടി എടുക്കുന്നതിനു പുറമേ സഹകരണപ്രസ്ഥാനത്തിന്റെ സഹകരണം ആവശ്യമാണ്. അവർ പ്രായോഗികബുദ്ധിമുട്ടിനെപ്പററി പറഞ്ഞു. അവരുടെ പ്രദേശത്തുതന്നെ മററു ആളുകൾക്ക് ഇത് കൂടുതൽ വിലകിട്ടുമ്പോൾ കുറഞ്ഞവിലയ്ക്ക് കൊടുക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിലും നിയമത്തിനെതിരായി പ്രവർത്തിക്കരുതെന്നും ഗവൺമെൻറുമായി ഈ സംരംഭത്തിൽ സഹകരിക്കണമെന്നും അവരോടു പറഞ്ഞിട്ടുണ്ട്. ചില സംഘങ്ങൾ പരീക്ഷണാർത്ഥം അത് നടത്തുകയും ചെയ്യുന്നുണ്ട്.

വിദ്യാർത്ഥി സംഘട്ടനങ്ങൾ

* 756 [823] ശ്രീ. ററി. എച്ച്. മുസ്തഫ:
,, കെ. എസ്. നാരായണൻ നമ്പൂതിരി:
,, തെന്നല ബാലകൃഷ്ണപിള്ള:
,, കെ. രാഘവൻ മാസ്റ്റർ:
,, തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:
ഡോ: കെ. ജി. അടിയോടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിൽ വിദ്യാർത്ഥിസംഘട്ടനങ്ങൾ ധാരാളമായി ഉണ്ടാകുന്നത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly